## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.T 5496** **27/03/2018-ൽ മറുപടിയ്ക്ക്**

# കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എൻ. ഷംസുദ്ദീൻ | ശ്രീ. വി.എസ്. സുനിൽകുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ; | (എ) 1962-ലെ വെയർഹൗസിംഗ് കോർപ്പറേഷൻസ് ആക്ട് പ്രകാരം കേന്ദ്രസർക്കാരിന്റെയും കേരള സർക്കാരിന്റെയും സംയുക്ത സംരംഭമായി 20/02/1959-ൽ രൂപീകരിച്ച കേരള സംസ്ഥാന സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷനിൽ സംസ്ഥാന സർക്കാരിനും കേന്ദ്ര വെയർഹൗസിംഗ് കോർപ്പറേഷനും തുല്യ ഓഹരിപങ്കാളിത്തമുണ്ട്. കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ ഒരു സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനാണ്. കാർഷിക വിളകൾ ശാസ്ത്രീയമായി സൂക്ഷിച്ചുവയ്ക്കുക, അവയ്ക്ക് ന്യായമായ വില ലഭ്യമാക്കി കർഷകരെ സഹായിക്കുക എന്നിവയാണ് കോർപ്പറേഷന്റെ പ്രധാന ചുമതലകൾ. വെയർഹൗസുകളിൽ സൂക്ഷിക്കുന്ന കാർഷികോല്പന്നങ്ങൾക്ക് മിതമായ പലിശ നിരക്കിൽ ബാങ്കുകളിൽ നിന്നും ഉപഭോക്താക്കളായ കർഷകർക്ക് വായ്പാസൗകര്യം ലഭ്യമാക്കുന്നു. ഉല്പന്നങ്ങൾക്ക് വിലവർദ്ധന വരുന്ന സമയത്ത് ഇവ വില്ക്കുന്നതിനുള്ള സൗകര്യവും കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ ചെയ്തുകൊടുക്കുന്നുണ്ട്.<br>സംസ്ഥാനത്തിനുള്ളിൽ അനുയോജ്യമായ ഭൂമി കണ്ടെത്തി ഗോഡൗണുകളും വെയർഹൗസുകളും നിർമ്മിക്കുക, കാർഷിക കാർഷിക ഉല്പന്നങ്ങൾ, വിത്തുകൾ, വളങ്ങൾ, കാർഷിക ഉപകരണങ്ങൾ എന്നിവ സൂക്ഷിക്കുന്നതിനാവശ്യമായ ഗോഡൗണുകൾ സംസ്ഥാനത്തിനുള്ളിൽ നടത്തുക, കാർഷികോല്പന്നങ്ങൾ, വിത്തുകൾ, വളങ്ങൾ, |

കാർഷികോപകരണങ്ങൾ, മറ്റ് സാധനങ്ങൾ എന്നിവ വാങ്ങുന്നതിനും സൂക്ഷിക്കുന്നതിനും, വില്പന നടത്തുന്നതിനും കേന്ദ്ര വെയർഹൗസിംഗ് കോർപ്പറേഷന്റെയും സംസ്ഥാന സർക്കാരിന്റെയും ഏജന്റ് ആയി പ്രവർത്തിക്കുക, സർക്കാർ നിർദ്ദേശിക്കുന്നതും കർഷകർക്ക് ഉപകാരപ്രദവുമായ മറ്റ് സംരംഭങ്ങളിൽ ഏർപ്പെടുക എന്നിവയും കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന്റെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു.

| | |
|---|---|
| **(ബി)** വെയർഹൗസിംഗ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തിന്റെ കൂടുതൽ ഭാഗങ്ങളിൽ വെയർഹൗസുകൾ സ്ഥാപിക്കുന്നതിന് ഉദ്ദേശ്യമുണ്ടോ; | **(ബി)** ഉണ്ട്. |
| **(സി)** എങ്കിൽ മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ അനുയോജ്യമായ സ്ഥലത്ത് വെയർഹൗസ് നിർമ്മിക്കുവാൻ കോർപ്പറേഷന് ആവശ്യമായ നിർദ്ദേശം നൽകുവാൻ നടപടി സ്വീകരിക്കുമോ? | **(സി)** പാലക്കാട് ജില്ലയിൽ മണ്ണാർക്കാട് താലൂക്കിൽ മണ്ണാർക്കാട് വില്ലേജിൽ സർവ്വേ നമ്പർ.131/14-ൽ ഉൾപ്പെട്ട ഭൂമി വെയർഹൗസിംഗ് കോർപ്പറേഷന് ഗോഡൗൺ നിർമ്മിക്കുന്നതിലേയ്ക്കായി വിട്ടുനൽകുന്നതിന് കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ സർക്കാരിൽ അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ പ്രസ്തുത ഭൂമി സബ് ജയിൽ നിർമ്മിക്കുന്നതിന് റവന്യൂ വകുപ്പിന് വിട്ടുനൽകിയതിനാൽ കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ സമർപ്പിച്ച പ്രൊപ്പോസൽ പരിഗണിക്കുകയുണ്ടായില്ല. അനുയോജ്യമായ സ്ഥലം ലഭ്യമായാൽ ഗോഡൗൺ നിർമ്മിക്കുന്ന കാര്യം ആലോചിക്കാവുന്നതാണ്. |

Manoj M

സെക്ഷൻ ഓഫീസർ